എം. പി. ഫണ്ടിൽ നിന്നും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിക്കുള്ള സഹായം

113 (3873) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജെ. ചിത്തരഞ്ജൻ, എം. പി. ഫണ്ടിൽ നിന്നും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക ലഭിച്ചു ; ഈ തുക ലഭിച്ചിട്ട് എത്ര കാലമായി ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങൾക്കായിട്ടാണ് പ്രസ്തുത തുക വിനിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ട് ; ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രീ. ജെ. ചിത്തരഞ്ജൻ എം. പി. ഫണ്ടിൽ നിന്നും തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയുടെ വികസനങ്ങൾക്കായി 57.60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ജില്ലാ പ്ലാനിംഗ് ഓഫീസറുടെ അക്കൗണ്ടിലാണ് ഉള്ളത്. തുക ലഭിച്ചിട്ട് എത്ര കാലമായി എന്ന വിവരം ബന്ധപ്പെട്ട ഓഫീസിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

(ബി) മെഡിക്കൽ കോളേജ് ആശുപത്രിയിലെ വിവിധ വകുപ്പുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായിട്ടാണ് തുക അനുവദിച്ചത്. ന്യൂറോളജി കെ.സി.യൂണിറ്റ് നവീകരിക്കുന്നതിന് 10 ലക്ഷം, ഗ്യാസ്ട്രോ എൻട്രോളജി-10 ലക്ഷം, നെഫ്രോളജി-11.60 ലക്ഷം, പ്രിവന്റീവ് മെഡിസിൻ-5ലക്ഷം, റേഡിയോളജി മൊബൈൽ എക്സ്റേ യൂണിറ്റ്-5ലക്ഷം, ഇ.എൻ.റ്റി. ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ് -6 ലക്ഷം, യൂറോളജിയിൽ ഡി.ഫാം ഇമേജ് ഇന്റൻസിഫെയർ എന്ന യന്ത്രം വാങ്ങുന്നതിന്-10 ലക്ഷം.

(സി) ന്യൂറോളജി ഐ.സി. യൂണിറ്റും ഗ്യാസ്ട്രോ എൻട്രോളജി വകുപ്പ്, നെഫ്റോളജി വകുപ്പ് നവീകരിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ പൂർത്തിയായി കഴിഞ്ഞു. മറ്റ് വകുപ്പുകളിൽ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി കാലതാമസം വന്നിട്ടുണ്ട്. യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടറുകൾ വിളിച്ചപ്പോൾ നിയമാനുസൃതമായുള്ള ടെണ്ടറുകൾ കിട്ടാതാകുന്നതും ടെണ്ടറുകൾ വീണ്ടും വിളിക്കേണ്ടി വന്നതും കാലതാമസത്തിന് ഇടയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly